**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത 06.10.2016 -ൽ മറുപടിക്ക്
ചോദ്യം നം. 2333

## മത്സ്യബന്ധന തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.കെ.സി. മമ്മത് കോയ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനത്തിടെ കടൽക്ഷോഭത്തിൽപ്പെട്ട് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക്, നഷ്ടപ്പെടുന്ന ബോട്ട്, തോണി എന്നിവയുൾപ്പെടെ നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; | (എ) | ഫിഷറീസ് വകുപ്പിൽ നിലവിലില്ല. ബന്ധപ്പെട്ട കളക്ടർ മുഖാന്തിരം ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകിവരുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തുമോ; | (ബി) | കടാശ്വാസ കമ്മീഷൻ മുഖാന്തിരം ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ഇത്തരത്തിലുള്ളഎത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; ഇവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | (സി) | 4 അപേക്ഷകൾ ലഭിച്ചിരുന്നു. ഇത്തരം അപേക്ഷകളിൽ ധനസഹായം നൽകുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേനയാണ്. |

സെക്ഷൻ ഓഫീസർ